## 433

### 'How I Parise Three'

1 ദൈവമേ നിൻ അറിവാലെ ഹൃദയം നിറയ്ക്കുകേ
ജീവനാം നിൻ കൃപയാലെ ആത്മകൺ തുറക്കുകേ

ദൈവജ്ഞാനം ശ്രേഷ്ഠദാനം ഭക്തൻ സത്യസമ്പത്തും
വാഞ്ഛിക്കേണം കെഞ്ചിടേണം ക്രിസ്തുവിങ്കൽ ക ത്തും

2 ഒരു ബാലൻ തന്റെ പാത നിർമ്മലമാക്കിടുവാൻ
കരുതേണം നിൻ പ്രമാണം കേട്ടു കാത്തു സൂക്ഷിപ്പാൻ-

3 തേടിയൊരു ശലോമോനും ഈ നിക്ഷേപം ദർശനേ
നേടി കർത്തൻ സുപ്രസാദം കേട്ടു തൻ രഹസ്യത്തെ-

4 ദൈവഭക്തിക്കടിസ്ഥാനം സത്യത്തിൻ പ്രകാശനം
ജീവശക്തി അതിൻ ദാനം ഫലം ദിവ്യ സ്വാതന്ത്ര്യം-

5 നടക്കുമ്പോൾ ഇടറാതെ ജ്ഞാനം കാൽകൾ സൂക്ഷിക്കും
കിടക്കുമ്പോൾ കൈവിടാതെ ചുറ്റും കാവൽ നിന്നിടും-

6 മണ്ണും പൊന്നും നീങ്ങിപ്പോകും കണ്ണിൻ മോഹം വാടുമേ
വിണ്ണിൻ ദാനം ആത്മജ്ഞാനം നിലനിൽക്കും എന്നുമേ-

7 ദൈവമേ നിൻവെളിപ്പാടിൻ ആത്മാവിങ്ങും നൽകുകേ
നിൻപ്രകാശം അവകാശം ആക്കുവാൻ തന്നരുൾകേ- **V.N.**